പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4924 26.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ വെഞ്ഞാറമൂട്, പാലോട് ഡിപ്പോകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ.മുരളി | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കെ.എസ്.ആർ.ടി.സി.യുടെ വെഞ്ഞാറമൂട്, പാലോട് ഡിപ്പോകളിൽ നിലവിലുണ്ടായിരുന്ന എതെങ്കിലും ഷെഡ്യൂളുകൾ റദ്ദ് ചെയതിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകാമോ; | (എ) | ഉണ്ട്. ഡീസൽ ചെലവിനുള്ള വരുമാനം പോലും ലഭ്യമാകാത്തതിനാൽ പാലോട് ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്ത് വന്നിരുന്ന ഡ്യൂട്ടി നമ്പർ 37 : ജില്ലാ കൃഷിതോട്ടം – തിരുവനന്തപുരം - പത്തനംതിട്ട (ഫാസ്റ്റ്പാസഞ്ചർ) സർവ്വീസ് കോർപ്പറേഷന്റെ നിലവിലെ മോശം സാമ്പത്തിക സ്ഥിതി പരിഗണിച്ച് താൽക്കാലികമായി റദ്ദ് ചെയ്തിട്ടുള്ളതാകുന്നു.<br><br>ഡ്യൂട്ടി നമ്പർ 23 : നെടുമങ്ങാട് - പാലോട് (ഓർഡിനറി) റൂട്ടിൽ ധാരാളം ട്രിപ്പുകൾ മറ്റ് ഡിപ്പോകളിൽ നിന്നും നടത്തി വരുന്നതിനാൽ ട്രിപ്പുകളുടെ ഓവർലാപ്പിംഗ് കാരണം ഡീസൽ ചെലവിനുള്ള വരുമാനം പോലും ലഭ്യമാകാത്തതിനാലും, ആവശ്യമായത്ര ട്രിപ്പുകൾ ഈ റൂട്ടിൽ ഉള്ളതിനാലും പ്രസ്തുത ഷെഡ്യൂൾ റദ്ദ് ചെയ്തിട്ടുണ്ട്.<br><br>ഡ്യൂട്ടി നമ്പർ 48 : മേലാറ്റുമൂഴി എന്ന സർവ്വീസ് വെഞ്ഞാറമൂട് ഡിപ്പോയിൽ നിന്നും റദ്ദ് ചെയ്തിട്ടുണ്ടെങ്കിലും ഷെഡ്യൂൾ പുന:ക്രമീകരണത്തിന്റെ ഭാഗമായി പ്രസ്തുത ഷെഡ്യൂളിലെ 08.30 മേലാറ്റുമൂഴി-വാമനപുരം ട്രിപ്പും, 20.00 വെഞ്ഞാറമ്മൂട്-പരപ്പിൽ ട്രിപ്പും ഡ്യൂട്ടി നമ്പർ 21 ൽ ക്രമീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ഡിപ്പോകളിൽ പുതിയ ഷെഡ്യൂളുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ ? | (ബി) | പാലോട് ഡിപ്പോയിൽ നിന്നും തെന്നൂർ-കിളിമാന്നൂർ റൂട്ടിൽ 03.06.2019 മുതൽ 2 ഓർഡിനറി ഷെഡ്യൂളുകൾ ആരംഭിച്ചിട്ടുണ്ട്.<br>കിളിമാന്നൂർ യൂണിറ്റിൽ നിന്നും കിളിമാന്നൂർ-തെന്നൂർ റൂട്ടിൽ 27.5.2019 മുതൽ 3 ചെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**